little KITEs

ലിറ്റിൽ കൈറ്റ്സ്

## മാർ ഔഗേൻ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ

### ചെങ്ങമനാട്,കൊട്ടാരക്കര



# ലിറ്റിൽ ട്രംപെറ്റ്

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ
കൈറ്റ്സ്

## എഡിറ്റോറിയൽ

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികളുടെ ഭാഷാ കംപ്യൂട്ടിങ് വർദ്ധിപ്പിക്കാൻ എം. എ. എം. എച്ച്. എസ്. എസ് ചെങ്ങമനാടിന്റെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയാറാക്കിയ സ്കൂൾ ഡിജിറ്റൽ മാഗസിൻ ആണ്

ലിറ്റിൽ ട്രംപറ്റ് . കൂട്ടുകാരുടെ കൊച്ചു സങ്കല്പങ്ങൾ ഒരു കാഹള ധ്വനി ആയി എങ്ങും മുഴങ്ങട്ടെ എന്നു ആശംസിച്ചു കൊണ്ട് സമർപ്പിക്കുന്നു

മാഗസിൻ എഡിറ്റർ

ശിവ നന്ദന

# ആശംസ

വിവിധ വിഷയങ്ങളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് യഥേഷ്ടം ലഭിക്കുന്നുണ്ട്. എന്നാൽ ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ വിദ്യർത്ഥികൾ ഉൾക്കൊള്ളുന്നുണ്ടോ ? വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ട ഒരു വിഷയമാണിത്. കുട്ടികൾ മൂല്യങ്ങൾ ഉൾക്കൊള്ളുന്നില്ലെങ്കിൽ അതിനുത്തരവാദികൾ അധ്യാപകരാണെന്ന് ഒരുപക്ഷേ സമൂഹം പറഞ്ഞേക്കാം . ഈ അഭിപ്രായത്തിന് ന്യായികരണമില്ല. കാരണം മൂല്യങ്ങൾ ഇല്ലാത്ത ഒരു വിദ്യാഭ്യാസം ക്ലാസ്സ്മുറിയിൽ നൽകാൻ ഒരിക്കലും അധ്യാപകർക്ക് കഴിയില്ല. ആധുനിക ജീവിതവും, സംസ്കാരവും മനുഷ്യനിലെ മനുഷ്യത്വത്തെ തകർക്കുന്നു.

നല്ല കൃഷിക്കാരൻ തോട്ടത്തിൽ നിന്ന് യഥാക്രമം വിത്തുകൾ ശേഖരിച്ചു അറയിൽ വയ്ക്കുന്നതുപോലെ മാനവികതയുടെ മൂല്ല്യങ്ങളെ ഭദ്രമായി ശേഖരിച്ചു വയ്ക്കുന്ന സന്മതികൾ നമ്മുടെ ഇടയിലുണ്ട് .നമ്മുടെ കുഞ്ഞുങ്ങളും മാനവീകതയുടെ വിത്തുകൾ വിതക്കാൻ കഴിയുന്ന നല്ല സന്മതികൾ ആയി തീരട്ടെ.അതിന് ഇൻഫർമേഷൻ ടെക്ക്നോളജിയുടെ സാധ്യതകൾ ,അഭിരുചികൾ എന്നിവ കുട്ടികളിൽ വളർത്തി എടുക്കുവാൻ സഹായിക്കുന്ന ഈ പദ്ധിതി കൂടുതൽ ഉയരത്തിൽ എത്തട്ടെ എന്നു ആശംസിക്കുന്നു .

**ദീനാമ്മ ജി** (H.M)

## ഉള്ളടക്കം

1) ഗുരുനാഥൻ....4
2) പക്ഷിപ്പനിയുണ്ടോ ....5
3) അത്യാഗ്രഹം ആപത്ത്....6
4) പാൽക്കാരി....7
5) കാട്ടിലെ കൂട്....8
6) പഠിച്ച് രസിക്കാം....9
7) നാവുവഴങ്ങുമോ....10
8) മരം....11
9) പരിസ്ഥിതിദിനം....12
10) സംഖ്യകൾക്കു എന്തൊരു ചന്തം....13
11) വള്ളത്തോൾ നാരായണമേനോൻ....14

# ഗുരുനാഥൻ

*ആദ്യാക്ഷരങ്ങളാൽ നാവിന്റെ തുമ്പത്ത്*
*മധുരം നുണച്ചതെൻ ഗുരുനാഥൻ*
*അക്ഷരപ്പൊട്ടുകൾ എൻവിരൽ തുമ്പിൽ*
*മുത്തുകളാക്കിയതെൻ ഗുരുനാഥൻ*
*അക്ഷരത്തിൻ മഹിമയും അറിവിൻ മേന്മയും*
*ആദ്യമായി അറിയിച്ചതെൻ ഗുരുനാഥൻ*
*ആദ്യമായി ഇരുൾമാറ്റി വെളിച്ചം ഉള്ളിൽ*
*പകർന്നതെൻ ഗുരുനാഥൻ*

*പുസ്തകതാളുകൾ ഈണത്തിൽ പാടി -*
*തന്നതും എൻ ഗുരുനാഥൻ*

ശിവ നന്ദന, ക്ലാസ് 9

# പക്ഷിപ്പനിയുണ്ടോ ........

കാട്ടിൽ നിന്നും കുറുക്കച്ചൻ

നാട്ടിലിറങ്ങി നാടപ്പായി

കോഴിക്കൂടിനു ചുറ്റുമവൻ

പാത്തുപതുങ്ങി നടക്കുമ്പോൾ

കോഴിക്കൂടിനു മുമ്പിലതാ

മുന്നറിയിപ്പിൻ ബോർഡൊന്ന്

കോഴിയിറച്ചി തിന്നരുതേ

പക്ഷിപ്പനിയാണെങ്ങെങ്ങും ....

അഖില ബി പി, ക്ലാസ് 9

# അത്യാഗ്രഹം ആപത്ത്

ഒരിടത്തു് ഒരു അത്യാഗ്രഹിയായ ധനികൻ ജീവിച്ചിരുന്നു. അയാൾ മറ്റുള്ളവരെ എപ്പോഴും പഴിക്കുമായിരുന്നു. അയാളെക്കൊണ്ട് നാട്ടുകാർ പൊറുതിമുട്ടി. മറ്റുള്ളവർ എന്ത് വാങ്ങിച്ചാലും അതിനേക്കാൾ ഇരട്ടിവില യുള്ള സാധനങ്ങൾ അയാൾ വാങ്ങിക്കും. അവർ വാങ്ങിച്ച സാധനത്തെ കുറ്റം പറയും. ഒരിക്കൽ വേറൊരാൾ ഒരിടത്തു ഒരു വീട് പണിതു. ഇത് കണ്ടു ധനികൻ അയാളെ കളിയാക്കി. ധനികനും വീട് പണിയുവാൻ തുടങ്ങി. മൂന്നു നില ഒരു ദിവസം കൊണ്ട് ധനികൻ പണിതു. മൂന്നാം നിലയുടെ പണി പൂർത്തിയാകുമ്പോളേക്കും വീടിന്റെ പകുതിഭാഗം അടർന്നു വീണു. ധനികന് താഴെ ഇറങ്ങുവാൻ പറ്റാതായി .വൈകാതെ വീട് മൊത്തവും ഇടിഞ്ഞു വീണു.ശബ്ദം കേട്ട നാട്ടുകാർ അയാളെ ഒരുവിധം എടുത്തുകൊണ്ടു വന്ന് തറയിൽ കിടത്തി .അധികം താമസിക്കാതെ അയാളുടെ അത്യഗ്രഹതിന്നു ഫലമുണ്ടായി. അയാൾ പരലോകം പൂകിയിരുന്നു .

*" അത്യഗ്രഹം ആപത്തിന് "*

ജസ്റ്റിൻ ജോസ്, ക്ലാസ് 9

# പാൽക്കാരി



**വെളുത്ത പാല്കുടമൊക്കത്തേന്തിയ**

**കറുത്ത രാവിൻ ചിരികണ്ടോ ?**

**പാലു കുടിക്കാൻ കൊതിച്ചു നിൽപ്പു**

**താരക്കുട്ടികൾ നുറെണ്ണം !**

സോനാ എസ്സ് ജോണി, ക്ലാസ് 9

# കാട്ടിലെ കൂട്



പണ്ട് പണ്ടൊരു പൈങ്കിളി

പഞ്ചവർണ്ണ പൈങ്കിളി

പഞ്ചവടി കാട്ടിലൊരു കൂടു കൂട്ടി

കാലവർഷം വന്നനാളിൽ

കാലക്കേട് വന്നുപോയി

കാറ്റടിച്ചു വീണുപോയി

കൊച്ചു കൂടു, ആ കൊച്ചു കൂട്

വെറും കാറ്റടിച്ചു വീണുപോയി

കൊച്ചു കൂട്, ആ പൈങ്കിളിയുടെ

കണ്ണിൽ നിന്നും വീണുപോയി

കണ്ണുനീര്, ചുടു കണ്ണുനീർ

അശ്വതി എ , ക്ലാസ് 9

# പഠിച്ച് രസിക്കാം

ലേഖനം

പാഠവും പഠനവും മിക്കകുട്ടികളെ സംബന്ധിച്ച് വിരസത നൽകുന്നതാണ്. എല്ലാ മാതാപിതാക്കളും അദ്ധ്യാപകരും തങ്ങളുടെ കുട്ടികൾ ഉയർന്ന പഠന നിലവാരം പുലർത്തണമെന്നു ആഗ്രഹിക്കുന്നു. വായനയിലൂടെയും പ്രവൃത്തിയിലൂടെയും ആണ് പഠനം പുരോഗമിക്കുന്നത്. ഏതു കാര്യവും ഓർത്തുവയ്ക്കാൻ ചില പൊടിക്കൈകൾ പ്രയോജനപെടുത്താം.

**1.** അർഥം അറിഞ്ഞു പഠിക്കുക

**2.**നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി പഠിക്കുക

**3.**പരസ്പരം ബന്ധപ്പെടുത്തി പഠിക്കുക

**4.**അടയാളീകരണം

**5.** ഗാന രചനാരീതി

**6.** ആവർത്തനം

**7.** പാഠത്തെ സ്നേഹിക്കുക

"*രസിച്ചു പഠിച്ചാൽ പഠിച്ചു രസിക്കാം*"

ജോയൽ ജോർജ്ജ്, ക്ലാസ് 9

# *നാവുവഴങ്ങുമോ......?*



**ഒരുരുളിയിലൊരുരുളൻ
കുരുമുളകുരുളുമ്പോളു
രുളിയുരുളുന്നു ഉരുളയുരുളുന്നു
ഉരുളൻ കുരുമുളകുരുളുന്നു.**

**ആടലോടകം
തിന്നിട്ടാടലോടാടലായ്
ഓടലോടോടലായ്**

**റാലിലോറി
റാലി ലോറി
ലോറി റാലി
ലോറി റാലി**

ലിബിൻ ബി എസ്സ്. ക്ലാസ് 9

# മരം



**ഒരു മരം -ഒരു മാമരം**
**വിണ്ണിലേക്കു കൈകളുയർത്തി**
**മണ്ണിലൂന്നി വേരു പടർത്തി**
**ചിറകടിക്കും പറവകൾക്ക്**
**കൂടുകൂട്ടി പാട്ടു പാടാൻ**
**വീടൊരുക്കി വാണിടുന്ന വൻ മരം**

**തണലുതരും ഇലകൾ വീശി**
**കുളിരുത്തരും കുടകൾ നിർത്തി**
**കുഞ്ഞു മക്കൾക്കുയിലാടി**
**ആടിയാടി പാട്ടുപാടാൻ**
**ചില്ലി നീട്ടി നിന്നിടുന്ന കുളിർമമരം**

വൈഷ്ണവ് പി., ക്ലാസ് 9

# പരിസ്ഥിതിദിനം




രേവതി എസ്സ്, ക്ലാസ് 9

# സംഖ്യകൾക്കു എന്തൊരു ചന്തം

*1*8+1=9*
*11*8+11=99*
*111*8+111=999*
*1111*8+1111=9999*
*11111*8+11111=99999*
*111111*8+111111=999999*

*0*9+1=1*
*1*9+2=11*
*12*9+_3=111*
*123*9+4=1111*
*1234*9+5=11111*
*12345*9+6=111111*

അബിൻ ബി
ക്ലാസ് 9

# വള്ളത്തോൾ നാരായണമേനോൻ

ജീവിതചരിത്രക്കുറിപ്പ്



ആധുനികമലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും, സർഗ്ഗാത്മകതകൊണ്ടും അനുഗൃഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ. സ്വാതന്ത്ര്യലബ്ധിക്കായ് തൂലിക പടവാളാക്കി മാറ്റി ബ്രിട്ടീഷുകാർക്കെതിരെ സമരകാഹളം മുഴക്കുന്നതിന് ഭാരതജനതയെ ഒന്നടക്കം ആവേശഭരിതരാക്കുകയും മഹാത്മജിയുടെ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും, ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിക്കുകയും ചെയ്ത മഹാനായിരുന്നു മഹാകവി വള്ളത്തോൾ.

1878ഒക്ടോബർ 16-ന് തിരൂരിനു സമീപം വള്ളത്തോൾ കോഴിപ്പറമ്പിൽ ജനിച്ചു. ഒരുരോഗബാധയെതുടർന്ന് ബധിരനായി .ഇതേത്തുടർന്നാണ് 'ബധിരവിലാപം' എന്ന കവിത അദ്ദേഹം രചിച്ചത് .79-ആം വയസ്സിൽ അന്തരിച്ചു. വൈക്കം സത്യാഗ്രഹകാലത്ത് (1924) ഗാന്ധിജിയെ നേരിട്ടുകണ്ട്, അദ്ദേഹത്തിന്റെ ആരാധകനായ വള്ളത്തോൾ മഹാത്മജിയെപ്പറ്റിയെഴുതിയ 'എന്റെ ഗുരുനാഥൻ' പ്രശസ്തമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചെന്നൈ (1927), കൽക്കത്ത (1928) സമ്മേളനങ്ങളിൽ പങ്കെടുത്തു. 1922ൽ വെയിൽസ് രാജകുമാരൻ നൽകിയ പട്ടും വളയും നിരസിക്കാനുള്ള ആർജ്ജവം വള്ളത്തോൾ കാട്ടി. കേരളീയകലകളുടെ ഉന്നമനത്തിനുവേണ്ടി തൃശ്ശൂർ ചെറുതുരുത്തിയിൽ കേരള കലാമണ്ഡലം സ്ഥാപിച്ചത് ഇദ്ദേഹമാണ്. കഥകളിയോട് അടങ്ങാത്ത കമ്പം വെച്ചുപുലർത്തിയ വള്ളത്തോൾ ഈ കലയെ പുനരുദ്ധരിക്കാൻ ചെയ്ത ശ്രമങ്ങൾ ഏറെയാണ്. 1930-ൽ വള്ളത്തോൾ കുന്നംകുളത്ത് കഥകളിവിദ്യാലയം സ്ഥാപിച്ചു. ഇതാണ് പിന്നീട് കേരള കലാമണ്ഡലമായത്.

## കടപ്പാട്

*ഡിജിറ്റൽ മാഗസിൻ തയാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും , നേതൃത്വം നൽകിയ മിന്റു ടീച്ചറിനും, മിനി ടീച്ചറിനും മറ്റു എല്ലാവർക്കും ഒരായിരം നന്ദി*

*എഡിറ്റർ*